**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 145** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മെൻസ്ട്രൽ ഡിഗ്നിറ്റി പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. ഡി. തോമസ്

ശ്രീമതി ഉമ തോമസ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. പഴകുളം മധു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** ആർത്തവത്തെ സംബന്ധിച്ചുള്ള പൊതുബോധം ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് മെൻസ്ട്രൽ ഡിഗ്നിറ്റി പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** (എ) മെൻസ്ട്രൽ ഡിഗ്നിറ്റി പദ്ധതിയുടെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും പൊതു സ്ഥലങ്ങളും പെൺകുട്ടികൾക്കും സ്ത്രീകൾക്കും സൗഹൃദപരമാക്കുന്നതിനും, കുട്ടികൾക്കിടയിൽ ആർത്തവത്തെ കുറിച്ച് ശാസ്ത്രീയമായ അവബോധം വളർത്തുന്നതിന് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കുട്ടികൾക്ക് സ്വയം തീരുമാന പ്രകാരം അറ്റൻഡൻസ് ബാധിക്കാത്ത രീതിയിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ ആർത്തവസമയത്ത് 3 ദിവസത്തെ അവധിയെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. ആർത്തവാവധി സംബന്ധിച്ച് അദ്ധ്യാപകർക്ക് വേണ്ട രീതിയിലുള്ള ബോധവത്ക്കരണ പരിപാടികൾ വിദ്യാഭ്യാസവകുപ്പുമായി സംയോജിച്ച് നടത്തുന്നതാണ്. നിലവിൽ അങ്കണവാടികളിലെ കൗമാര ക്ലബ്ബുകൾ വഴി ആർത്തവം സംബന്ധിച്ച് അവബോധക്ലാസ്സുകൾ നടത്തി വരുന്നു. ഇത് കൂടുതൽ ശക്തമായ രീതിയിൽ വനിതാ-ശിശു വികസന വകുപ്പ് മുഖേന നടപ്പാക്കുന്നതാണ്. പൊതുജനങ്ങൾക്കിടയിൽ ഈ വിഷയത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് ജില്ലാ ഹബ് ഫോർ എംപവർമെൻറ് ഓഫ് വിമൻ മുഖേന ഔട്ട് റീച്ച് പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

പെൺകുട്ടികളുടെ ആർത്തവ ശുചിത്വവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുന്നതിനായി സെക്കൻഡറി, ഹയർസെക്കൻഡറി വിദ്യാലയങ്ങളിൽ എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) യുടെ നേതൃത്വത്തിൽ ഇൻസിനറേറ്ററുകളും വെൻഡിംഗ് മെഷീനുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന 'കൗമാരവിദ്യാഭ്യാസം' പദ്ധതിയുടെ ഭാഗമായി അവബോധ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു.

**(ബി)** വിദ്യാർത്ഥികൾക്ക് സർക്കാർ പ്രഖ്യാപിച്ച ആർത്തവാവധി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ എല്ലാ സർക്കാർ-എയ്ഡഡ് - അൺഎയ്ഡഡ് സ്കൂളുകളിലും ലഭ്യമാക്കുമോ;

**മറുപടി:** (ബി) വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് കുട്ടികൾക്ക് സ്വയം തീരുമാന പ്രകാരം അറ്റൻഡൻസ് ബാധിക്കാത്ത രീതിയിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഇല്ലാതെ തന്നെ ആർത്തവസമയത്ത് 3 ദിവസത്തെ അവധിയെടുക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**(സി)** പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും വൈകാരികമായ പിന്തുണയ്ക്കും വേണ്ട സാഹചര്യങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** (സി) കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ വനിതാ-ശിശു വികസന വകുപ്പ് വഴി സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന 1012 സ്കൂളുകളിൽ സൈക്കോസോഷ്യൽ സർവീസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യ, പഠനനിലവാരം മുൻനിർത്തിക്കൊണ്ടുള്ള കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്. അതോടൊപ്പം തന്നെ അവശ്യഘട്ടങ്ങളിൽ കുട്ടികൾക്ക് വേണ്ട പിന്തുണ നൽകുന്നതിന് രക്ഷകർത്താക്കളെ പ്രാപ്തരാക്കുന്നതിന് പാരന്റിംഗ് പരിശീലനത്തിലൂടെ കൗൺസിലർമാരുടെ സഹായം ലഭ്യമാക്കുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ മുതലായവ കേന്ദ്രീകരിച്ച് വ്യക്തിഗത/ഗ്രൂപ്പ് കൗൺസലിംഗ്, നിയമ പരിരക്ഷ സംബന്ധിച്ച ബോധവത്ക്കരണം എന്നിവ കൗൺസിലർമാർ ഈ പദ്ധതി വഴി നൽകിവരുന്നു. ടി പദ്ധതി പ്രകാരം സംസ്ഥാനത്ത് 1012 സ്കൂളുകളിലായി 1012 സ്കൂൾ കൗൺസിലർമാർ സേവനമനുഷ്ഠിച്ചു വരുന്നുണ്ട്.

ബേട്ടി ബചാവോ ബേട്ടി പഠാവോ പദ്ധതി മുഖാന്തിരം പെൺകുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും താൽപര്യമുള്ള മേഖലകളിൽ മികവ് കൈവരിക്കുന്നതിനും ആവശ്യമായ പ്രചോദനവും പിന്തുണയും ജില്ലാതലത്തിൽ നൽകിവരുന്നു.

എല്ലാ കുട്ടികളുടെയും, ശാരീരിക, മാനസിക, സാമൂഹിക, വൈകാരിക ക്ഷേമം ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. സമൂഹത്തിൽ പെൺകുട്ടികൾക്ക് തുല്യാവകാശവും സുരക്ഷിതമായ വളർച്ചാസാഹചര്യവും ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന Our Responsibility to Children(ORC) പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ORC പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന SMART-40 ക്യാമ്പുകളിലൂടെ കുട്ടികളിൽ ആത്മവിശ്വാസം, ആശയവിനിമയശേഷി, പ്രശ്ന പരിഹാര നൈപുണി, തീരുമാനമെടുക്കൽ ശേഷി, വൈകാരിക നിയന്ത്രണം, ലിംഗസമത്വബോധം തുടങ്ങിയ ജീവിത നൈപുണികൾ വളർത്തിയെടുക്കുന്നതിനുള്ള പ്രത്യേക പരിശീലനങ്ങൾ നൽകിവരുന്നു. SMART-40 ക്യാമ്പുകളിലൂടെ കുട്ടികളുടെ സമഗ്ര വ്യക്തിത്വ വികസനം ലക്ഷ്യമാക്കി ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിന് പ്രത്യേക മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ SMART-40 ക്യാമ്പുകൾ നടപ്പാക്കി വരുന്നു. കൂടാതെ കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട അവബോധം വർധിപ്പിക്കുന്നതിനും ആത്മാഭിമാനവും വ്യക്തിത്വ വികസനവും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

പാരന്റിംഗ് ക്ലിനിക്കുകൾ മുഖേന മാതാപിതാക്കൾക്ക് കുട്ടികളുടെ അവകാശങ്ങൾ, മാനസികാരോഗ്യം, കൗമാരപ്രായ വെല്ലുവിളികൾ, ലിംഗസെൻസിറ്റീവ് രക്ഷാകർതൃത്വം എന്നിവ സംബന്ധിച്ച് മാർഗനിർദ്ദേശങ്ങളും പിന്തുണയും നൽകുന്നു. കുടുംബാന്തരീക്ഷത്തിൽ കുട്ടികൾക്ക് ആവശ്യമായ വൈകാരിക പിന്തുണ ഉറപ്പാക്കുന്നതിലും ഈ ഇടപെടലുകൾ സഹായകമാണ്. കുട്ടികൾ നേരിടുന്ന സ്വഭാവ - പഠന - വൈകാരിക - മാനസികാരോഗ്യ വെല്ലുവിളികളെ മുൻകൂട്ടി കണ്ടെത്തി കുട്ടികളുടെ വ്യക്തിഗത ആവശ്യങ്ങൾക്കനുസരിച്ച് അനുയോജ്യമായ ഇടപെടലുകൾ വിദഗ്ധരുടെ

സഹായത്തോടെ ശാസ്ത്രീയമായി നടപ്പാക്കുന്നതിനായാണ് എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്റർ പ്രവർത്തിച്ച് വരുന്നത്.

ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്കായി പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന SMART-I ക്യാമ്പുകൾ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിനും ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും താൽപര്യമുള്ള മേഖലകളിൽ മികവ് കൈവരിക്കുന്നതിനും ആവശ്യമായ പ്രചോദനവും പിന്തുണയും നൽകുന്നു. ഇത്തരത്തിലുള്ള സമഗ്ര ഇടപെടലുകളിലൂടെ കുട്ടികളുടെ ശാരീരിക, മാനസിക വൈകാരിക ക്ഷേമം ശക്തിപ്പെടുത്തുന്നതിനുള്ള സാഹചര്യം ഉറപ്പാക്കിവരുന്നു. പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി എലിമെന്ററി, സെക്കൻഡറി, ഹയർസെക്കൻഡറി തലങ്ങളിൽ എസ്.എസ്.കെ.യുടെ നേതൃത്വത്തിൽ സ്വയം പ്രതിരോധ പരിശീലനം നടപ്പിലാക്കിവരുന്നു. കളരി, കരാട്ടെ, തായ്ക്വണ്ടോ, വുഷു, ജൂഡോ തുടങ്ങിയ ആയോധനകലകളിൽ പരിശീലനം നൽകുന്നുണ്ട്. കൂടാതെ, വിദ്യാർത്ഥികളുടെ പഠനപരവും വ്യക്തിപരവുമായ പ്രശ്നങ്ങൾ പരിഗണിക്കുന്നതിനായി സ്കൂൾ കൗൺസിലർമാർ പ്രവർത്തിച്ചുവരുന്നു. കൗമാരകാലത്തെ വൈകാരിക വെല്ലുവിളികൾ നേരിടുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന ഹയർസെക്കൻഡറി തലത്തിൽ 'കൗമാരവിദ്യാഭ്യാസം' പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**